# ജാമിഅതുൽ ഹിന്ദ് ഏകജാലകം: വിദ്യാർഥികൾ അറിഞ്ഞിരിക്കേണ്ട പ്രധാന കാര്യങ്ങൾ

കോഴിക്കോട്: ഉപരി പഠനം ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് വിവിധ സ്ഥാപനങ്ങൾ കയറിയിറങ്ങുന്നതിന് പകരം ഒറ്റ അപേക്ഷയും പരീക്ഷയും വഴി തങ്ങളിഷ്ടപ്പെടുന്ന സ്ഥാപനം തിരഞ്ഞെടുക്കാനുള്ള അവസരമൊരുക്കി ജാമിഅതുൽ ഹിന്ദ് അൽ ഇസ്ലാമിയ്യ. www.jamiathulhind.com എന്ന വെബ്സൈറ്റ് വഴിയാണ് വിദ്യാർഥികൾ ഇതിനുവേണ്ടി അപേക്ഷിക്കേണ്ടത്.

## മറ്റു പ്രധാന നിർദേശങ്ങൾ:

- അപേക്ഷിക്കുന്നതിനു മുമ്പ് യോഗ്യതകൾ പൂർത്തീകരിച്ചുവെന്ന് ഉറപ്പ് വരുത്തുക. യോഗ്യതകൾ പൂർത്തിയാക്കാനാകാത്തവർക്ക് ജാമിഅതുൽ ഹിന്ദുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്. യോഗ്യത, കോഴ്സുകൾ , പ്രവേശന രീതി, പ്രവേശന പരീക്ഷാ കേന്ദ്രങ്ങൾ തുടങ്ങിയവയെല്ലാം ഉൾ കൊള്ളുന്ന അഡ്മിഷൻ ഗൈഡ് മലയാളം, ഇംഗ്ലീഷ്, കന്നഡ ഭാഷകളിൽ ജാമിഅഃ വെബ്സൈറ്റിൽ ലഭ്യമാണ്.

- പേര്, ജനന തീയതി, വാട്സാപ്പ് നമ്പർ എന്നിവ നൽകി ആദ്യം രജിസ്റ്റർ ചെയ്യണം. വാട്സാപ്പ് ഒ ടി പി വെരിഫിക്കേഷൻ ഉണ്ടായിരിക്കും. അപ്ലിക്കേഷൻ ഐ ഡി, പാസ്സ്വേർഡ് എന്നിവ വാട്സാപ്പ് വഴി ലഭിക്കുന്നതും നേരിട്ട് അപ്ലിക്കേഷൻ പേജിലേക്ക് പ്രവേശിക്കാനാവുന്നതുമാണ്. തുടർന്ന് വിദ്യാർഥി ഓരോ കോളവും ശ്രദ്ധയോടെ പൂരിപ്പിക്കണം. വ്യക്തിഗത വിവരങ്ങൾ പൂരിപ്പിച്ചതിനു ശേഷം സ്ഥാപനങ്ങളും കോഴ്സുകളും പരീക്ഷാ സെന്റർ, പരീക്ഷാ മീഡിയം എന്നിവയും തിരഞ്ഞെടുക്കണം.
- സ്കോളർഷിപ്പുകൾ, ഫെല്ലോഷിപ്പുകൾ, മറ്റ് സർഗാത്മകവും അക്കാദമികവുമായ നേട്ടങ്ങൾ എന്നിവയും വിദ്യാർഥിക്ക് ചേർക്കാവുന്നതാണ്. ഇവയുടെയെല്ലാം സർട്ടിഫിക്കറ്റുകൾ കൈവശമുള്ളവർ മാത്രമേ പ്രസ്തുത കോളങ്ങൾ പൂരിപ്പിക്കാവൂ. എല്ലാ രേഖകളും ബഹുമതിപത്രങ്ങളും ഇന്റർവ്യൂ സമയത്ത് ഹാജരാക്കുന്നവർക്ക് മാത്രമേ ഗ്രേസ് മാർക്കിന് പരിഗണിക്കുകയുള്ളൂ.
- അപേക്ഷ ഫീസ് ഓൺലൈൻ വഴിയാണ് അടക്കേണ്ടത്.
- പ്രവേശന പരീക്ഷയും ഇന്റർവ്യൂവും ഒരേ ദിവസം ഒരേ സെന്ററിൽ വെച്ചാണ് നടക്കുക. അപേക്ഷിക്കുന്ന സമയത്ത് തന്നെ വിദ്യാർഥി പരീക്ഷാ സെന്റർ തിരഞ്ഞെടുക്കേണ്ടതാണ്. സെന്റർ പിന്നീട് മാറാൻ സാധിക്കുന്നതല്ല.
- ഓരോ വിദ്യാർഥിയും ഇഷ്ടപ്പെടുന്ന പത്ത് സ്ഥാപനങ്ങൾ മുൻഗണനക്കനുസരിച്ച് ഓപ്ഷൻ നൽകേണ്ടതാണ്. റാങ്ക് അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കും. ആദ്യ അലോട്ട്മെന്റിന് ശേഷം സ്ഥാപനങ്ങൾ മാറി ഓപ്ഷൻ നൽകാൻ സാധിക്കുന്നതാണ്. സ്ഥാപനം തിരഞ്ഞെടുക്കുന്നതിന് മുമ്പ് പ്രസ്തുത ക്യാമ്പസിനെക്കുറിച്ചുള്ള എല്ലാ വിവരവും വിദ്യാർഥി അറിഞ്ഞിരിക്കണം. സ്ഥാപനങ്ങളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ജാമിഅഃ വെബ്സൈറ്റിൽ ലഭ്യമാണ്. ഏപ്രിൽ

30 വരെ സ്ഥാപനങ്ങളുടെ മുൻഗണനാ ക്രമം വിദ്യാർഥിക്ക് എഡിറ്റ് ചെയ്യാവുന്നതാണ്.

- ഹാൾ ടിക്കറ്റ്, മറ്റു പ്രധാന വിവരങ്ങൾ എന്നിവ വിദ്യാർഥികൾക്ക് ഏകജാലക പോർട്ടൽ വഴി പ്രത്യേകം ലഭിക്കും. പോർട്ടലിൽ അപ്ലിക്കേഷൻ ഐ ഡിയും പാസ്സ്‌വേർഡും നൽകി സൈൻ ഇൻ ചെയ്ത് ഇവ ലഭ്യമാക്കാം.

## ജെ- സാറ്റ് പരീക്ഷക്ക് ഒരുങ്ങാം

ജാമിഅ സ്‌കോളേഴ്‌സ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (ജെ- സാറ്റ്) അടിസ്ഥാനമാക്കിയാണ് വിദ്യാർഥികൾക്ക് ഏകജാലകപ്രവേശനം ലഭിക്കുക. എഴുത്ത് പരീക്ഷക്കൊപ്പം അഭിമുഖ പരീക്ഷയും ഉണ്ടാകും. അപേക്ഷാ സമയത്ത് വിദ്യാർഥി തിരഞ്ഞെടുക്കുന്ന സെന്ററിൽ വെച്ചാണ് ഇവ രണ്ടും നടക്കുക. എഴുത്തു പരീക്ഷാ ചോദ്യങ്ങൾ 75 ശതമാനം സ്‌കൂൾ സിലബസ് കേന്ദ്രീകരിച്ചും 25 ശതമാനം മതപരമായ ചോദ്യങ്ങളുമായിരിക്കും. മോഡൽ ചോദ്യ പേപ്പർ ജാമിഅതുൽ ഹിന്ദ് വെബ്‌സൈറ്റിൽ ലഭ്യമാണ്.

എഴുത്തു പരീക്ഷയിൽ പ്ലസ് വണ്ണിന് 100 ചോദ്യങ്ങൾ ഒബ്ജക്റ്റീവ് ടൈപ്പ് ആയിരിക്കും. ഉത്തരങ്ങൾ ഒ എം ആർ ഷീറ്റിൽ രേഖപ്പെടുത്തുകയാണ് വേണ്ടത്. ഒ എം ആർ ഷീറ്റ് ഉപയോഗിക്കുന്ന വിധം വിദ്യാർഥി പരീക്ഷക്ക് മുമ്പ് തന്നെ മനസ്സിലാക്കേണ്ടതാണ്. കൂടാതെ, വിദ്യാർഥിയുടെ സാഹിത്യ-സർഗ ശേഷി അളക്കുന്നതും മതപരവുമായ മൂന്ന് ചോദ്യങ്ങൾ വാക്യത്തിൽ എഴുതാനുള്ളതായിരിക്കും. ഏഴ്, എട്ട് ക്ലാസുകളിലേക്കുള്ള വിദ്യാർത്ഥികൾക്ക് 50 ഒ എം ആർ ചോദ്യങ്ങളായിരിക്കും ലഭിക്കുക.

തുടർന്ന് നടക്കുന്ന ഇന്റർവ്യൂവിൽ വിദ്യാർഥിയുടെ വായനാക്ഷമത, മറ്റു കഴിവുകൾ തുടങ്ങിയവ പരിശോധിച്ചുകൂടിയാണ് പ്രധാനമായും വിലയിരുത്തുക. ഇന്റർവ്യൂ സമയത്ത് മാർക് ലിസ്റ്റുകൾ, ഹിഫ്ള് സർട്ടിഫിക്കറ്റ്

തുടങ്ങിയവ ഹാജരാക്കണം. ജാമിഅ മഹ്റജാൻ, എസ് എസ് എഫ് സാഹിത്യോത്സവ്, ഐ എ എം ഇ ഫെസ്റ്റുകൾ, സ്കൂൾ കലോത്സവം, സ് കോളർഷിപ്പുകൾ തുടങ്ങിയ ഗ്രേസ് മാർക്ക് സർട്ടിഫിക്കറ്റുകളും അടങ്ങുന്ന എല്ലാ രേഖകളുടെയും ഒറിജിനൽ ഹാജരാക്കേണ്ടതും ഇന്റർവ്യൂ ചെയ്യുന്ന വ്യക്തിയെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

പരീക്ഷ, ഇന്റർവ്യൂമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ എന്നിവ വിദ്യാർഥികളെ അതാതു സമയം ഓൺലൈൻ പോർട്ടൽ വഴി അറിയിക്കുന്നതാണ്. അതിനായി യഥാസമയം ഓൺലൈൻ പോർട്ടൽ പരിശോധിക്കേണ്ടതാണെന്നും അധികൃതർ അറിയിച്ചു.

## കോഴ്സുകൾ, വിവിധ സ്ട്രീമുകൾ

ആഴത്തിലുള്ള ഇസ്ലാമിക പഠനവും ഭൗതികരംഗത്തെ ഉന്നത വിദ്യാഭ്യാസവും സമ്മിശ്രമായി നൽകുന്ന നൂതന കോഴ്സുകളാണ് ജാമിഅതുൽ ഹിന്ദ് സംഘടിപ്പിക്കുന്നത്.

സ്കൂൾ ഏഴാം തരവും പത്താം തരവും കഴിഞ്ഞവർക്കാണ് ഇപ്പോൾ ഏകജാലകം വഴി അപേക്ഷിക്കാൻ അവസരം. ഏഴാം ക്ലാസ് പൂർത്തിയായവർക്ക് തുടർന്നുള്ള സ്കൂൾ പഠനത്തോടൊപ്പം പ്ലസ് ടു, ഡിഗ്രി, പി ജി, പി എച്ച് ഡി വരെ പഠിക്കാനും പാരമ്പര്യ രീതിയിലുള്ള മതപഠനം ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ (പി ജി) വരെ പൂർത്തിയാക്കാനും തുടർ പഠനത്തിനും അവസരം ലഭിക്കുന്നു.

സ്കൂൾ പഠനം പത്താം തരം കഴിഞ്ഞവർക്ക് പ്ലസ് ടു, ഡിഗ്രി, പി ജി, പി എച്ച് ഡി വരെയും പാരമ്പര്യ രീതിയിലുള്ള മതപഠനം ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ (പി ജി) വരെയും പഠിക്കാം. തുടർപഠനത്തിനും അവസരമുണ്ട്.

മത പഠനത്തിന് എല്ലാ സ്ഥാപനവും ജാമിഅതുൽ ഹിന്ദ് സിലബസാണ്

സ്വീകരിച്ചു പോരുന്നത്. ഭൗതിക പഠനങ്ങൾക്ക് സ്ഥാപനങ്ങൾ വ്യത്യസ്ത രീതികളാണ് പാലിക്കുന്നത്. റഗുലർ, ഡിസ്റ്റൻസ്, ഓപ്പൺ, പ്രൈവറ്റ്, ഇംഗ്ലീഷ് മീഡിയം, മറ്റു ഭാഷാ മീഡിയം, കേരള, സി ബി എസ് ഇ, മറ്റു സിലബസുകൾ, വ്യത്യസ്ത യൂണിവേഴ്സിറ്റികൾ തുടങ്ങിയ ഒട്ടനേകം വൈവിധ്യങ്ങൾ വിവിധ ക്യാമ്പസുകൾ നൽകുന്നു.

സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് അടക്കം അതാതു സംസ്ഥാനങ്ങൾ നൽകുന്ന ഹയർ സെക്കണ്ടറി/ പ്രീ യൂണിവേഴ്സിറ്റി കോഴ്സുകളും അവയുടെ വ്യത്യസ്ത കോമ്പിനേഷനുകളും ഓരോ സ്ഥാപനത്തിലും വ്യത്യസ്ത രീതിയിൽ നൽകുന്നുണ്ട്. ഡിഗ്രി, പി ജി തലത്തിലുമുള്ള ഓപ്ഷനുകളിലും മാറ്റങ്ങളുണ്ട്.

ഓരോ സ്ഥാപനവും നൽകുന്ന പഠനരീതി വിദ്യാർഥിയും രക്ഷിതാവും പ്രത്യേകം മനസ്സിലാക്കേണ്ടതും അതാതു സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതുമാണ്. അപേക്ഷ സമയത്ത് സ്ഥാപനം സെലക്ട് ചെയ്യുമ്പോൾ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## അമ്പതിലധികം ജെ- സാറ്റ് പ്രവേശന പരീക്ഷ കേന്ദ്രങ്ങൾ

ഇന്ത്യക്കകത്തും പുറത്തുമായി അമ്പതിലധികം പ്രവേശന പരീക്ഷ സെന്ററുകൾ ജാമിഅതുൽ ഹിന്ദ് അൽ ഇസ്ലാമിയ്യ ഒരുക്കിയിരിക്കുന്നു. ഇഷ്ടമുള്ള കേന്ദ്രം വിദ്യാർഥി അപേക്ഷ സമയത്ത് തിരഞ്ഞെടുക്കണം. ഇത് പിന്നീട് മാറ്റാൻ അവസരമുണ്ടായിരിക്കില്ല.

അൽ മഖർ ദാറുൽ അമൻ തളിപ്പറമ്പ്, മഖ്ദൂമിയ്യ പബ്ലിക് സ്കൂൾ നിർമലഗിരി (കണ്ണൂർ, ജലാലിയ്യ ഇംഗ്ലീഷ് മീഡിയം സ്കൂൾ എടവണ്ണപ്പാറ, ജാമിഅ ഹികമിയ്യ പാപ്പിനിപ്പാറ (മലപ്പുറം), ഇർശാദിയ്യ കൊളത്തൂർ (മലപ്പുറം), അൽ ഇഹ്സാൻ വേങ്ങര, മഅ്ദിൻ പബ്ലിക് സ്കൂൾ സ്വലാത് നഗർ (മലപ്പുറം),

സിറാജുൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂൾ കുറ്റ്യാടി, ഖാദിസിയ്യ സ്കൂൾ ഫറോക്, മർകസ് ഗാർഡൻ പൂനൂർ, മർകസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ കാരന്തൂർ, ദാറുൽ മആരിഫ് കോടമ്പുഴ (കോഴിക്കോട്),തബ്ലീഗുൽ ഇസ്ലാം മദ്രസ്സ കുന്നുംപുറം (ആലപ്പുഴ), മർകസ് നൈഖൊ ഇൻസ്ടിട്യൂട് ബംഗളുരു, സയ്യിദ് മദനി ദർഗ കോളേജ് ഉള്ളാൾ (ദക്ഷിണ കന്നഡ), അൻവാറുൽ ഹുദാ ക്യാമ്പസ് വിരാജ്പേട്ട (കൊടക്), അൽ ഇഹ്സാൻ മൊലൂർ (കർണാടക), അശ്അരിയ്യ ചേരനല്ലൂർ (എറണാകുളം), ദാറുൽ ഫതഹ് തൊടുപുഴ (ഇടുക്കി), സഅദിയ്യ ക്യാമ്പസ് ദേളി (കാസർഗോഡ്), മുഹിമ്മാത് ക്യാമ്പസ് പുത്തിഗെ (കാസർഗോഡ്), ഖാദിസിയ്യ ഇസ്ലാമിക്ക് കോംപ്ലക്സ് മുഖത്തല (കൊല്ലം), സൈത്തൂൻ അക്കാഡമി കവടിയാർ (തിരുവനന്തപുരം), ഫലാഹ് ഗ്രീൻ വാലി സ്കൂൾ കൽപ്പറ്റ, കോർഡോവ ഇന്റർനാഷനൽ സ്കൂൾ കല്ലേക്കാട് (പാലക്കാട്), ഐ സി എസ് സ്കൂൾ ഒറ്റപ്പാലം, സ്വലാഹുദ്ധീൻ അയ്യൂബി വേൾഡ് സ്കൂൾ പറക്കുളം (പാലക്കാട്), അൽ ഇർഷാദ് ഇംഗ്ലീഷ് സ്കൂൾ ചെറുതുരുത്തി (തൃശ്ശൂർ) ഇസ്റാ ക്യാംപസ് വാടാനപ്പള്ളി (തൃശ്ശൂർ), മഹ്മൂദിയ്യ ഇംഗ്ലീഷ് സ്കൂൾ പെരിഞ്ഞനം (തൃശ്ശൂർ), മർകസുൽ ഹുദാ ക്യാമ്പസ് പൊട്ടശ്ശേരി (തൃശ്ശൂർ) എന്നിവയാണ് പ്രധാന പരീക്ഷ കേന്ദ്രങ്ങൾ. കൂടാതെ, ഡൽഹി, മുംബൈ, കൊൽക്കത്ത തുടങ്ങിയ നഗരങ്ങളിലും കേന്ദ്രങ്ങൾ ഉണ്ട്.

മനാമ സുന്നി സെന്റർ (ബഹ്റൈൻ), മഹ്ദുൽ ഉലൂം സ്കൂൾ (സൗദി അറേബ്യ, ജിദ്ദ), രിസാലത്തുൽ ഇസ്ലാം മദ്രസ (സൗദി അറേബ്യ, റിയാദ്), ഇർഷാദ് ഔലാദ് മദ്രസ (സൗദി അറേബ്യ, കൊബാർ), ഖാദിസിയ മദ്രസ (സൗദി അറേബ്യ, ഖമീസ് മുഷൈത്), അൽ ഹിദായ മദ്രസ (സൗദി അറേബ്യ, ദമാം), ഐ സി എഫ് ഫർവാനിയ (കുവൈത്ത്), അൽ കൗസർ മദ്രസ (ഒമാൻ, റൂവി), അൽ ഫലാഹ് മദ്രസ (ഒമാൻ, ബർക്ക), സുന്നി ജമാഅത്ത് മദ്രസ (ഒമാൻ, സലാല), അൽ ഹുദാ മദ്രസ (ഒമാൻ, നിസ്വ), ഐ സി എഫ് ഹസനിയ (ഖത്തർ

), ദുബായ് മർകസ് (ദുബൈ), അബ്ദുറഹ്മാനുബ്നു ഓഫ് മദ്രസ (ഷാർജ), ഐ സി എഫ് ഓഫീസ് (അബുദാബി), കേരള മുസ്ലിം ജമാഅത്ത് മസ്ജിദ് (കോലാലംപൂർ,മലേഷ്യ) എന്നിവയാണ് ഇന്ത്യക്ക് പുറത്തുള്ള കേന്ദ്രങ്ങൾ.

## അലോട്ട്മെന്റ്, അഡ്മിഷൻ

ജാമിഅതുൽ ഹിന്ദ് ഏകജാലക പരീക്ഷ വഴി വിദ്യാർഥികൾക്ക് തങ്ങളിഷ്ടപ്പെടുന്ന സ്ഥാപനത്തിൽ പഠിക്കാൻ അവസരം ലഭിക്കും. പ്രവേശന പരീക്ഷയിൽ വിദ്യാർഥികൾക്ക് ലഭിച്ച റാങ്ക് അടിസ്ഥാനത്തിലും വിദ്യാർഥികൾ അപേക്ഷ സമയത്ത് നൽകിയ സ്ഥാപനങ്ങളുടെ മുൻഗണന ക്രമമനുസരിച്ചുമായിരിക്കും പ്രവേശനം.

വിദ്യാർത്ഥി പഠിക്കാൻ ഏറ്റവും ആഗ്രഹിക്കുന്ന സ്ഥാപനം ഒന്നാം ഓപ്ഷനായി നൽകണം. പ്രസ്തുത സ്ഥാപനത്തിൽ അഡ്മിഷൻ ലഭിച്ചില്ലെങ്കിൽ പിന്നീട് ഏത് ക്യാമ്പസാണ് വേണ്ടത് അത് രണ്ടാമതും അത് ലഭിച്ചില്ലെങ്കിൽ പിന്നീട് വേണ്ടത് മൂന്നാമതും അങ്ങനെ ക്രമപ്രകാരം 10 വരെ നൽകാം. റാങ്കടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളിൽ ഏതെങ്കിലുമൊന്നിൽ പ്രവേശനം ലഭിച്ചേക്കും. ലഭിച്ചില്ലെങ്കിൽ രണ്ടാം അലോട്ട്മെന്റ് വഴി പ്രവേശനം ലഭിക്കും. അതും ലഭിച്ചില്ലെങ്കിൽ സ്പോട് അഡ്മിഷൻ വഴി ലഭിക്കും.

ഒന്ന്, രണ്ട്, സ്പോട്ട് അല്ലോട്മെന്റുകൾ വഴിയാണ് വിദ്യാർഥികൾക്ക് പ്രവേശനം അനുവദിക്കുന്നത്. ഒന്നാം അല്ലോട്മെന്റിൽ ലഭിച്ച സ്ഥാപനം നിരസിച്ച് രണ്ടാം അല്ലോട്മെന്റിന് അപേക്ഷിക്കാൻ വിദ്യാർഥിക്ക് സാധിക്കും. രണ്ടാം അലോട്ട്മെന്റ് നിരസിക്കാനാവില്ല.

### എന്താണ് സ്പോട്ട് അലോട്ട്മെന്റ്?

ജാമിഅതുൽ ഹിന്ദ് നിർദേശിക്കുന്ന കേന്ദ്രത്തിൽ വിദ്യാർഥി ഹാൾ ടിക്കറ്റുമായി നേരിട്ട് വന്ന് അഡ്മിഷൻ എടുക്കുന്ന രീതിയാണിത്. ഒന്ന്, രണ്ട്

അലോട്മെന്റിൽ കിട്ടാത്ത വിദ്യാർഥികൾക്കാണ് ഈ സൗകര്യം. സീറ്റുകൾ ഒഴിവുള്ള സ്ഥപനത്തിലേക്ക് ഒഴിവു ക്രമം അനുസരിച്ച് സീറ്റ് ലഭിക്കും. ആദ്യം വരുന്ന വിദ്യാർഥിക്കായിരിക്കും ആദ്യ അവസരം.

## പ്രധാന തീയതികൾ

- അപേക്ഷ തുടങ്ങുന്ന ദിവസം: മാർച്ച് 26 വ്യാഴം
- അപേക്ഷിക്കാനുള്ള അവസാന സമയം: ഏപ്രിൽ 20
- ജെ സാറ്റ് പരീക്ഷ: മെയ് 2 ന് ശനിയാഴ്ച രാവിലെ 9:30 മുതൽ.

## ഹെൽപ് ഡെസ്ക്

വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സഹായിക്കാനായി ജാമിഅതുൽ ഹിന്ദിൽ ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. 6235492844 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. കൂടാതെ, യൂണിറ്റ് കേന്ദ്രങ്ങളിൽ എസ് വൈ എസ്, എസ് എസ് എഫ് കമ്മിറ്റികളുടെയും ജാമിഅതുൽ ഹിന്ദ് സ്ഥാപനങ്ങളിലും ഹെൽപ് ഡെസ്കുകൾ പ്രവർത്തിക്കും.

جامعة الهند الإسلامية
JAMIATHUL HIND AL ISLAMIYYA
Jamiathul Hind Al Islamiyya | Calicut, India-673006
www.jamiathulhind.com, info@jamiathulhind.com |+91 6235 492 844, +495 277 2844

In Academic collaboration with